ഭരണഭാഷ-മാതൃഭാഷ"

आज़ादी का अमृत महोत्सव

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – ജീവനക്കാര്യം – ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ ജീവനക്കാരുടെ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് – ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.5078/2025/ധന** **തീയതി, തിരുവനന്തപുരം, 10-06-2025**

പരാമർശം :-
1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 22/05/2025 തീയതിയിലെ ഡി.കെ.എസ്.എ/33/2025/എസ്റ്റ-4 നമ്പർ കത്ത്
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) -യുടെ 02/05/2025 തീയതിയിലെ ജി.ഇ.24/ബി. 1037222/127 നമ്പർ കത്ത്
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) -യുടെ 07/05/2025 തീയതിയിലെ ജി, ഇ.24/ബി/ 1019201/183 നമ്പർ കത്ത്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) -യുടെ 07/05/2025 തീയതിയിലെ ജി.ഇ.24/ബി/ 1024005/184 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിയമിതരായ ശ്രീ. പ്രദീപ് കുമാർ പി, ശ്രീ. പ്രതാപ് കുമാർ ആർ, ശ്രീ. റഫി ജോൺ എന്നീ ജീവനക്കാരുടെ ടി തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ടി ജീവനക്കാർക്കെതിരെ വിജിലൻസ് നടപടികളോ അച്ചടക്ക നടപടികളോ ശിപാർശ ചെയ്തിട്ടില്ലെന്നും പ്രൊബേഷൻ കാലയളവിലെ സേവനവും സ്വഭാവവും തൃപ്തികരമായിരുന്നുവെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രൊബേഷൻ പൂർത്തിയാക്കാനാവശ്യമായ യോഗ്യ സേവന കാലവും അവധി വിവരങ്ങളും പരാമർശം (2), (3), (4) പ്രകാരം അക്കൗണ്ടന്റ് ജനറൽ (എ&ഇ) ഒത്തു നോക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ചുവടെ കാണുന്ന ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ പേരുകൾക്ക് നേരെ സൂചിപ്പിച്ചിരിക്കുന്ന തീയതികൾ പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര് | ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ചാർജെടുത്ത തീയതി | ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്ന തീയതി |
|---|---|---|---|
| 1. | ശ്രീ. പ്രദീപ് കുമാർ പി | 26.06.2024 പൂർവ്വാഹ്നം | 26.12.2024 പൂർവ്വാഹ്നം |
| 2. | ശ്രീ. പ്രതാപ് കുമാർ ആർ | 20.06.2024 പൂർവ്വാഹ്നം | 20.12.2024 പൂർവ്വാഹ്നം |
| 3. | ശ്രീ. റഫി ജോൺ | 20.06.2024 പൂർവ്വാഹ്നം | 21.12.2024 പൂർവ്വാഹ്നം |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. (ഫയൽ നം. ഇ 3158565/എസ്റ്റാ.ഡി.4/77/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ